പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 165 26-10-2026-ൽ മറുപടിയ്ക്ക്

തെരുവ് നായ്ക്കൾക്ക് ഷെൽറ്ററുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എൻ. ശക്തൻ	ശ്രീ. കെ. എം. ഷാജി
ശ്രീ. സി. വി. ശാന്തകുമാർ	(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)
ശ്രീ. എം. ആർ. ബൈജു	

(എ) ജനവാസമേഖലകളിൽ തെരുവ് നായ്ക്കൾക്ക് ഷെൽറ്ററുകൾ സ്ഥാപിക്കുമ്പോഴുള്ള എതിർപ്പ് ഒഴിവാക്കാൻ അവയെ പിടികൂടി പാർപ്പിക്കാനുള്ള അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വനം വകുപ്പുമായി ചേർന്ന് വനമേഖലയ്ക്ക് സമീപം സ്ഥലം കണ്ടെത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനും ബഹു: സുപ്രീം കോടതി, ഹൈക്കോടതി എന്നിവയുടെ ഉത്തരവ് നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവുള്ളതായി വിലയിരുത്തിയിട്ടുണ്ട്. ആയതിനാൽ, അതത് ജില്ലകളിൽ പുതിയ എ.ബി.സി (ABC) സെന്ററുകൾ നിർമ്മിക്കുന്നതിനും തെരുവുനായ്ക്കൾക്കുള്ള അഭയകേന്ദ്രങ്ങൾ (Shelter) സജ്ജീകരിക്കുന്നതിനുമായി അനുയോജ്യമായ ഭൂമി (പ്രത്യേകിച്ച് വനമേഖലയോട് ചേർന്നുള്ള ഭൂമി) എത്രയും വേഗം കണ്ടെത്തി നൽകാൻ 14 ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആയിരം നായ്ക്കളെ പാർപ്പിക്കാൻ എഴുപത് സെന്റ് വേണമെന്ന കേന്ദ്ര മൃഗക്ഷേമ ബോർഡിന്റെ വ്യവസ്ഥ പ്രകാരം ഓരോ ജില്ലയിലും രണ്ടായിരം നായ്ക്കളെ പാർപ്പിക്കാൻ രണ്ട് ഏക്കർ വീതം കണ്ടെത്താനാണോ ഉദ്ദേശിക്കുന്നത്; വെളിപ്പെടുത്തുമോ;

മറുപടി: ആനിമൽ വെൽഫേർ ബോർഡ് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങളും, ബഹു. സുപ്രീം കോടതി വിധികളും, വകുപ്പുതല ഉത്തരവുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപന കൗൺസിൽ തീരുമാനങ്ങൾക്കും അനുസൃതമായി ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടുകൾക്ക് പുറമേ നായ്ക്കൾക്ക് വിഹരിക്കാനുള്ള സ്ഥലം, അവയ്ക്കായി ഭക്ഷണം പാകം ചെയ്യാൻ അടുക്കള, ആരോഗ്യ പരിശോധനാ സൗകര്യം, വെറ്ററിനറി സർജനും ജീവനക്കാർക്കും ഉള്ള ഓഫീസ് എന്നിവ പ്രസ്തുത സ്ഥലത്ത് സജ്ജമാക്കുമോ; വ്യക്തമാക്കുമോ;

മറുപടി: ആനിമൽ വെൽഫേർ ബോർഡ് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങളും, ബഹു. സുപ്രീം കോടതി വിധികളും, വകുപ്പുതല ഉത്തരവുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപന കൗൺസിൽ തീരുമാനങ്ങൾക്കും അനുസൃതമായി ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകാൻ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി അമ്പത്തിയാറ് ഇടങ്ങൾ വിജ്ഞാപനം ചെയ്തിരുന്നോ; വ്യക്തമാക്കുമോ?

മറുപടി: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൗൺസിൽ തീരുമാനപ്രകാരം സംസ്ഥാനതലത്തിൽ ഇതുവരെ ആകെ 89 തെരുവുനായ്ക്കളുടെ ഭക്ഷണ കേന്ദ്രങ്ങൾ (Stray dog feeding spots) കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ